# കേരള സർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**കാസർകോട്**

| | |
|---|---|
| **ഏപ്രിൽ 26**<br>**APRIL 26** | **2019** |

*1194 മേടം12* , **വെള്ളി**

## പത്രക്കുറിപ്പ്-1

www.prd.kerala.gov.in    dioksgd@gmail.com    ഫോൺ 04994 255145


## ദേശീയാംഗീകാരത്തിന്റെ സുവർണ നേട്ടവുമായി കയ്യൂർ കുടുംബാരോഗ്യ കേന്ദ്രം

സംസ്ഥാന സർക്കാരിന്റെ കായകൽപം അവാർഡ് കരസ്ഥമാക്കിയതിന് പിന്നാലെ വീണ്ടും അംഗീകാരത്തിന്റെ പൊൻതിളക്കവുമായി കയ്യൂർ കുടുംബാരോഗ്യ കേന്ദ്രം. ആരോഗ്യ കേന്ദ്രങ്ങളുടെ നിലവാരം അളക്കുന്ന നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേഡ് സർട്ടിഫിക്കേഷനിൽ 99 ശതമാനം മാർക്കോടെ രാജ്യത്തെ ഏറ്റവും മികച്ച കുടുംബാരോഗ്യ കേന്ദ്രമായി കയ്യൂർ എഫ്എച്ച്സിയെ തെരഞ്ഞെടുത്തു. ആരോഗ്യസേവന ഗുണനിലവാരത്തിൽ ഇന്ത്യയിൽ തന്നെ പ്രഥമ സ്ഥാനമാണ് സ്ഥാപനത്തിന് ഇപ്പോൾ ലഭിച്ചിരിക്കുന്നത്. രോഗീ-സൗഹൃദവും മറ്റ് വൻകിട സ്വകാര്യാശുപത്രികളോട് കിടപിടിക്കുന്നതുമായ അടിസ്ഥാന സൗകര്യങ്ങൾ ഇവിടെ ലഭ്യമാണ്. പത്ത് പേർക്ക് ചികിത്സ ലഭ്യമാക്കാവുന്ന തരത്തിൽ ആധുനിക രീതിയലാണ് ഒബ്സർവേഷൻ റൂം സജ്ജീകരിച്ചിരിക്കുന്നത്.

മികച്ച ഫാർമസി, നൂതനമായ ലാബ് സൗകര്യം, ഫിസിയോ തെറാപ്പി, ഒപി ചികിത്സ, മെച്ചപ്പെട്ട നിരീക്ഷണ മുറികൾ, ശിശു സൗഹൃദ രോഗപ്രതിരോധ കുത്തിവയ്പ്പ് മുറി, മികച്ച പാലിയേറ്റീവ് പരിചരണം തുടങ്ങിയവ ഈ ആരോഗ്യകേന്ദ്ര

ത്തിന്റെ പ്രധാന നേട്ടങ്ങളാണ്. രോഗപ്രതിരോധ പ്രവർത്തനങ്ങൾ, രോഗ നിരീക്ഷണം, ദേശീയ ആരോഗ്യ പരിപാടികൾ തുടങ്ങിയവ മികച്ച രീതിയിൽ സംഘടിപ്പിച്ചു വരുന്നു. ശാസ്ത്രീയ മാലിന്യ സംസ്കരണ സംവിധാനങ്ങൾ, മഴവെള്ള സംഭരണി, സോളാർ പവർ, ആകർഷകമായ ആശുപത്രി കോംപൗണ്ട്, രോഗികൾക്ക് ആവശ്യമായ വിശ്രമ സ്ഥലം, റീഡിങ് കോർണർ, ശുദ്ധജല ലഭ്യത, ഹെർബൽ ഗാർഡൻ, ജൈവ പച്ചക്കറി കൃഷി, എന്നിവയെല്ലാം കയ്യൂർ കുടുംബാരോഗ്യ കേന്ദ്രത്തിന്റെ സവിശേഷതയാണ്. മൂന്ന് ഡോക്ടർമാർ, നാല് നഴ്സുമാർ, സ്ത്രീ പുരുഷ വിഭാഗത്തിൽ നിന്നായി ഓരോ ഹെൽത്ത് ഇൻസ്പെകടർമാർ ഇവരുടെ കീഴിൽ 13 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർ, രണ്ട് ഫാർമസിസ്റ്റ്, ഒരു ലാബ് അസിസ്റ്റന്റ്, കൂടാതെ പത്തോളം കരാർ ജീവനക്കാർ എന്നിങ്ങനെ 45 ഓളം ജീവനക്കാരാണ് ഈ ആരോഗ്യ കേന്ദ്രത്തിനെ ദേശീയ നേട്ടം കൈവരിക്കുന്നതിന് പിന്നിൽ പ്രവർത്തിച്ചത്.

1971ൽ റൂറൽ ഡിസ്പെൻസറിയായി ആരംഭിച്ച സ്ഥാപനം പിന്നീട് പ്രാഥമികാരോഗ്യ കേന്ദ്രമായും 2017 ഡിസംബറിൽ കുടുംബാരോഗ്യ കേന്ദ്രവുമായും ഉയർത്തപ്പെട്ടു. എൻഡോസൾഫാൻ പാക്കേജിൽ കേന്ദ്രത്തിന് മികച്ച കെട്ടിട സൗകര്യം ലഭിച്ചു. പ്രതിദിനം 125 ഓളം രോഗികളാണ് ഇവിടെയെത്തുന്നതെന്നും കയ്യൂർ-ചീമേനി ഗ്രാമപഞ്ചായത്തിലെ ഇരുപത്തിയേഴായിരത്തോളം വരുന്ന ജനങ്ങളുടെ പ്രധാന ആശ്രയമാണ് ഈ കുടുംബാരോഗ്യ കേന്ദ്രമെന്ന് മെഡിക്കൽ ഓഫീസർ ഡോ. പി വി അരുൺ പറഞ്ഞു. പൊതു സമൂഹത്തിന്റെയും വിവിധ സർക്കാർ ഏജൻസികളുടെയും കൂട്ടായ പരിശ്രമത്തിന്റെയും പിന്തുണയുടെയും ഫലമായാണ് ദേശീയാംഗീകാരം ലഭിച്ചതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

**ഫോട്ടോ അടിക്കുറിപ്പ്: (കയ്യൂർ)**

**കയ്യൂർ കുടുംബാരോഗ്യ കേന്ദ്രം**

## ന്യൂനമർദം ചുഴലിക്കാറ്റായി രൂപപ്പെടാൻ സാധ്യത

ഇന്ത്യൻ മഹാസമുദ്രത്തിന്റെ ഭൂമധ്യരേഖാ പ്രദേശത്ത് രൂപം കൊണ്ടിരുന്ന ന്യൂനമർദം തീവ്ര ന്യൂനമർദമായി മാറുകയും അത് തമിഴ്നാട്-ആന്ധ്ര തീരത്തെ ലക്ഷ്യമാക്കി മുന്നേറുകയും ചെയ്യുന്നതായി കേന്ദ്ര കാലാവസ്ഥ കേന്ദ്രം അറിയിച്ചു. അടുത്ത 24 മണിക്കൂറിൽ ഒരു അതിതീവ്ര ന്യൂനമർദമായി മാറുന്ന സിസ്റ്റം ശേഷമുള്ള 12 മണിക്കൂറിൽ ഒരു ചുഴലിക്കാറ്റായി മാറുമെന്ന് പ്രവചിക്കപ്പെട്ടിരിക്കുന്നു. ഈ മാസം 29 നോട് കൂടി അതിതീവ്ര ചുഴലിക്കാറ്റായി മാറുമെന്ന് പ്രതീക്ഷിക്കുന്ന സിസ്റ്റം ഏപ്രിൽ 30 ന് തമിഴ്നാട്-ആന്ധ്ര തീരത്തോട് അടുത്ത് എത്താനാണ് സാധ്യത.

ഈ മാസം 29, 30 ദിവസങ്ങളിൽ കേരളത്തിൽ വിവിധയിടങ്ങളിൽ ശക്തമായ മഴയ്ക്കുള്ള സാധ്യത കേന്ദ്ര കാലാവസ്ഥ നിരീക്ഷണ കേന്ദ്രം പുറപ്പെടുവിച്ചിരിക്കുന്നു.

ന്യൂനമർദ്ദത്തിന്റെ പ്രഭാവത്തിൽ കേരളത്തിൽ 28 ന് രാവിലെ മുതൽ മണിക്കൂറിൽ 30-40 കിലോമീറ്റർ വേഗത്തിലും ചില അവസരങ്ങളിൽ 50 കിലോമീറ്റർ വരെ വേഗതയിലും 29 ന് മണിക്കൂറിൽ 40 മുതൽ 50 വരെ കിലോമീറ്റർ വേഗതയിലും ചില അവസരങ്ങളിൽ 60 കിലോമീറ്റർ വരെ വേഗതയിലും കാറ്റ് വീശാൻ സാധ്യതയുണ്ട്. കേന്ദ്ര കാലാവസ്ഥ നിരീക്ഷണ കേന്ദ്രത്തിന്റെ മുന്നറിയിപ്പ് പ്രകാരം മത്സ്യത്തൊഴിലാളികൾ ഇന്ത്യൻ മഹാസമുദ്രത്തിന്റെ ഭൂമധ്യരേഖാ പ്രദേശത്തിന്റെ കിഴക്കും അതിനോട് ചേർന്നുള്ള തെക്കൻ ബംഗാൾ ഉൾക്കടലിന്റെ മധ്യ ഭാഗത്തും തെക്കുകിഴക്കൻ ബംഗാൾ ഉൾക്കടലിലും കേരളതീരത്തും ഈ കാലയളവിൽ മത്സ്യബന്ധനത്തിനു പോകരുത്. ആഴക്കടലിൽ മത്സ്യബന്ധനത്തിലേർപ്പെടുന്നവർ 28നകം തീരത്ത് തിരിച്ചെത്തണമെന്നു കർശന നിർദേശമുണ്ട്.

## തെരഞ്ഞെടുപ്പ് ദിനത്തിലെ ഭക്ഷണം വിതരണം;
## കുടുംബശ്രീ നേടിയത് 27 ലക്ഷം രൂപ

ലോക്സഭയിലേക്കു കഴിഞ്ഞ 23ന് നടന്ന തെരഞ്ഞെടുപ്പിൽ ജില്ലയിലെ പോളിങ് ഉദ്യോഗസ്ഥർക്ക് കുടിവെള്ളവും ഭക്ഷണവും വിതരണം ചെയ്തു ജില്ലാ കുടുംബശ്രീ മിഷൻ നേടിയത് 27 ലക്ഷം രൂപ. മഞ്ചേശ്വരം, കാസർകോട്, ഉദുമ, കാഞ്ഞങ്ങാട്, തൃക്കരിപ്പൂർ നിയമസഭാ മണ്ഡലങ്ങളിലെ 968 പോളിങ് സ്റ്റേഷനുകളിലെ ഉദ്യോഗസ്ഥർക്കാണ് തെരഞ്ഞെടുപ്പ് ദിനത്തിൽ കുടുംബശ്രീ ജില്ലാ മിഷന്റെ നേതൃത്വത്തിൽ ജില്ലയിലെ വിവിധ അയൽക്കൂട്ടങ്ങൾ വഴി ഭക്ഷണമൊരുക്കി നൽകിയത്. തെരഞ്ഞെടുപ്പ് സാധന സാമഗ്രികൾ കൈപ്പറ്റാൻ ഉദ്യോഗസ്ഥർ എത്തിയ സ്വീകരണ-വിതരണ കേന്ദ്രങ്ങളായ കാസർകോട് ഗവൺമെന്റ് കോളേജിലും പടന്നക്കാട് നെഹ്റു കോളേജിലും പത്ത് സ്റ്റാളുകളിലുമായി കുടിവെള്ളവും ഭക്ഷണവും ഒരുക്കിയിരുന്നു.

മുൻവർഷങ്ങളിൽ തെരഞ്ഞെടുപ്പ് ദിവസങ്ങളിൽ ഉദ്യോഗസ്ഥർക്ക് ഭക്ഷണം ലഭ്യമല്ലാത്ത സാഹചര്യം ഉണ്ടായിരുന്നു. ഇതിനെ തുടർന്നാണ് ജില്ലാ വരണാധികാരിയായ ജില്ലാ കളക്ടർ ഡോ. ഡി സജിത്ത് ബാബുവിന്റെ പ്രത്യേക നിർദേശപ്രകാരം കുടുംബശ്രീ ജില്ലാമിഷൻ മുഖേന ഭക്ഷണം നൽകാനുള്ള ക്രമീകരണം ഒരുക്കിയത്. സംസ്ഥാനത്ത് തന്നെ ആദ്യമായാണ് തെരഞ്ഞെടുപ്പ് ദിനത്തിൽ കുടുംബശ്രീയുടെ നേതൃത്വത്തിൽ ഭക്ഷണ വിതരണ സൗകര്യമൊരുക്കിയത്. കൂടാതെ അതത് പോളിങ് ബൂത്തുകളിലെ ശുചിത്വമുൾപ്പെടെയുള്ള കാര്യങ്ങളും കുടുംബശ്രീയുടെ മേൽനോട്ടത്തിലാണു നടത്തിയത്.

തെരഞ്ഞെടുപ്പ് ദിനത്തിനു പുറമെ ഏപ്രിൽ 22ന് വൈകീട്ട് പോളിങ് ബൂത്തിൽ എത്തിയ ഉദ്യോഗസ്ഥർക്കുള്ള ഭക്ഷണവും കുടുംബശ്രീ ഒരുക്കിയിരുന്നു. പോളിങ് ബൂത്തിലെത്തിയ ഉദ്യോഗസ്ഥർക്ക് 200 രൂപയുടെ കൂപ്പണാണു വിതരണം ചെയ്തത്. ഇതുപയോഗിച്ച് തെരഞ്ഞെടുപ്പ് ദിനത്തിൽ അഞ്ചുനേരത്തെ ഭക്ഷണമാണു നൽകി.തെരഞ്ഞെടുപ്പിന്റെ ഭാഗമായി ഉദ്യോഗസ്ഥർക്കുള്ള പരിശീലന ക്ലാസുകളിലും കുടുംബശ്രീയാണു ഭക്ഷണം നൽകിയത്. ഇതിനുപുറമെ തെരഞ്ഞെടുപ്പ് പ്രചാരണത്തിന്റെ ഭാഗമായി കുടുബശ്രീയുടെ രംഗശ്രീ ട്രൂപ്പിന്റെ നേതൃത്വത്തിൽ ജില്ലയിലെ പ്രധാന ടൗണുകളിലെല്ലാം തെരുവുനാടകവും അവതരിപ്പിച്ചിരുന്നു.

## എട്ട്, പത്ത് ക്ലാസുകളിലേക്ക് പ്രവേശനം

കാഞ്ഞങ്ങാട് മീനാപ്പീസ് കടപ്പുറത്ത് പ്രവർത്തിക്കുന്ന പെൺകുട്ടികൾ മാത്രം താമസിച്ചു പഠിക്കുന്ന ജി ആർ എഫ് ടി എച്ച് എസ് ഫോർ ഗേൾസിലേക്ക് അടുത്ത അധ്യായന വർഷത്തിലെ എട്ട്, പത്ത് ക്ലാസിലേക്ക് അംഗീകൃത മത്സ്യ ത്തൊഴിലാളികളുടെ പെൺമക്കൾക്ക് പ്രവേശനം നൽകുന്നു. മേയ് ഏഴിന് വൈകു ന്നേരം നാലു വരെ അപേക്ഷ സമർപ്പിക്കാം. അപേക്ഷ സമർപ്പിച്ച വിദ്യാർത്ഥിനികൾ രക്ഷിതാക്കളോടൊപ്പം സാക്ഷ്യപത്രം സഹിതം മേയ് എട്ടിന് രാവിലെ പത്തിന് സ്കൂളിൽ എത്തിച്ചേരണം. ഫോൺ: 0467 2203946.

## ആട് വളർത്തൽ പരിശീലനം

കണ്ണൂർ ജില്ലാ മൃഗാശുപത്രി കോമ്പൗണ്ടിൽ പ്രവർത്തിക്കുന്ന മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ ഏപ്രിൽ 29, 30തീയതികളിൽ ആട് വളർത്തൽ പരിശീലനം നൽകുന്നു. പരിശീലന ക്ലാസിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർക്ക് ഇന്ന് (27) രാവിലെ പത്തു മുതൽ പരിശീലന കേന്ദ്രത്തിൽ പേര് രജിസ്റ്റർ ചെയ്യാം. മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യുന്ന ആദ്യത്തെ 50 പേർക്ക് മാത്രമേ ക്ലാസിൽ പ്രവേശനം ലഭിക്കു. കൂടുതൽ വിവരങ്ങൾക്ക്:- 04972- 763473

## എംപ്ലോയബിലിറ്റി സെന്ററിൽ അഭിമുഖം

ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന് കീഴിലുള്ള എംപ്ലോയബിലിറ്റി സെന്ററിൽ ഏപ്രിൽ 30 ന് രാവിലെ 10.30 ന് സ്വകാര്യ മേഖലകളിലെ ഒഴിവുകളിലേക്ക് അഭിമുഖം നടത്തുന്നു.ഏതെങ്കിലും വിഷയത്തിൽ ബിരുദവും ഒരു വർഷത്തെ പ്രവൃത്തി പരിചയവുമുള്ള 30 വയസിൽ താഴെ പ്രായമുള്ളവർക്ക് മാനേജർ തസ്തി കയിലേക്ക് അഭിമുഖത്തിന് ഹാജരാകാം. പ്ലസ്ടു യോഗ്യതയുള്ളവർക്ക് മാനേജർ ട്രെയിനി തസ്തികയിലേക്കും ബി.എസ്.സി, ബിഎഡ് യോഗ്യതയുള്ളവർക്ക് അസി സ്റ്റൻഡ് ടീച്ചർ(സയൻസ്, ഗണിതം) തസ്തികയിലേക്കും ബി എ, ബി എഡ് യോഗ്യത ഉള്ളവർക്ക് അസിസ്റ്റൻഡ് ടീച്ചർ(സോഷ്യൽ സയൻസ്) തസ്തികയിലേക്കും അഭിമു ഖത്തിന് ഹാജരാകാം. ടി.ടി.സി യോഗ്യതയുള്ളവർക്ക് പ്രൈമറി ടീച്ചർ തസ്തികയി

ലേക്കും എം എൽ ഐ എസ് യോഗ്യതയുള്ളവർക്ക് ലൈബ്രേറിയൻ തസ്തികയിലേക്കും ബിപിഇഎഡ് യോഗ്യതയുള്ളവർക്ക് ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചർ തസ്തികയിലേക്കും അഭിമുഖത്തിന് ഹാജരാകാം.ഈ തസ്തികകൾക്കുള്ള പ്രായപരിധി 18 നും 25 നും മധ്യേ.

എംപ്ലോയബിലിറ്റി സെന്ററിൽ ആജീവനാന്ത രജിസ്ട്രേഷൻ നടത്തിട്ടുള്ളവർക്കും അല്ലാത്തവർക്കും അഭിമുഖത്തിൽ പങ്കെടുക്കാം. രജിസ്ട്രേഷൻ നടത്തിയിട്ടില്ലാത്ത, പങ്കെടുക്കാൻ താൽപര്യമുള്ളവർ ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകളുടെയും തിരിച്ചറിയൽ കാർഡിന്റെയും പകർപ്പ് സഹിതം 250 രൂപ ഫീസ് അടച്ച് രജിസ്ട്രേഷൻ നടത്തി അഭിമുഖത്തിൽ പങ്കെടുക്കണമെന്ന് ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക്: 04994 255582

## അവധിക്കാല ക്യാമ്പുകളുമായി ഹരിത കേരളം മിഷൻ

ആരോഗ്യ രക്ഷയ്ക്ക് മാലിന്യമുക്ത പരിസരം എന്ന ലക്ഷ്യവുമായി മാലിന്യ സംസ്കരണത്തിന്റെയും പരിസര ശുചീകരണത്തിന്റെയും പകർച്ചാ വ്യാധി പ്രതിരോധത്തിന്റെയും ബാലപാഠങ്ങൾ പകരാനും മാലിന്യത്തിന്റെ അളവ് കുറച്ച് പരിസ്ഥിതി സൗഹൃദ വസ്തുക്കൾ കൂടുതലായി ഉപയോഗിക്കുന്ന ശീലം വളർത്തുവാനും ലക്ഷ്യമിട്ട് ജില്ലയിലെ കുട്ടികൾക്കായി അവധിക്കാല ക്യാമ്പുമായി ഹരിത കേരളം മിഷൻ.

ഹരിത കേരളം മിഷൻ, കുടുംബശ്രീ, കില, ശുചിത്വ മിഷൻ, ആരോഗ്യ വകുപ്പ് എന്നിവ ചേർന്നാണ് ക്യാമ്പ് സംഘടിപ്പിക്കുന്നത്. ജില്ലകളിലെ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള രണ്ടു വീതം റിസോഴ്സ് പേഴ്സൺമാർക്ക് ഏപ്രിൽ 29, 30 തീയതികളിലായി ഉദുമ എരോൽ പാലസിൽ ജില്ലാതല ക്യാമ്പ് സംഘടിപ്പിക്കും. തുടർന്ന് നടക്കുന്ന ബ്ലോക്ക്തല ക്യാമ്പുകൾ വിവിധ കേന്ദ്രങ്ങളിലായി മേയ് രണ്ടു മുതൽ ഒൻപതു വരെ നടക്കും. ജില്ലാ- ബ്ലോക്ക്തല പരിശീലനം പൂർത്തിയാകുന്നതോടെ പഞ്ചായത്ത് തലത്തിലും വാർഡ് തലത്തിലും ക്യാമ്പുകൾ സംഘടിപ്പിക്കും.

രണ്ടു ദിവസത്തെ ക്യാമ്പിൽ പാഴ്വസ്തുക്കളിൽ നിന്ന് കൗതുക വസ്തുക്കൾ നിർമ്മിക്കൽ, മാലിന്യ സംസ്കരണ ഉപാധികൾ പരിചയപ്പെടൽ, ഹരിത നിയമങ്ങൾ മനസിലാക്കൽ, ഗൃഹ സന്ദർശനം, ആരോഗ്യ ക്ലാസ്, പ്രദേശത്തെ മാലിന്യ പരിപാലന അവസ്ഥയെക്കുറിച്ചുള്ള റിപ്പോർട്ടിങ്, നിവേദനം തയ്യാറാക്കി അധികാരിക്കൾക്ക് കൈമാറൽ എന്നീ പ്രവർത്തനങ്ങൾ നടത്തും.

## ഹയർ സെക്കന്ററി സ്കൂളുകൾക്കും സ്റ്റേഷനറി വിതരണം

സ്റ്റേഷനറി വിതരണ ശൃംഖല വിപുലീകരിക്കുന്നതിന്റെ ഭാഗമായി ജില്ലയിലെ എല്ലാ സർക്കാർ ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി സ്കുളു

കൾക്കും പോലീസ് വകുപ്പിന്റെ കീഴിലുള്ള എല്ലാ ഡിവൈഎസ്പി, സർക്കിൾ, പോലീസ് സ്റ്റേഷനുകൾക്കും, രജിസ്ട്രേഷൻ വകുപ്പിന് കീഴിലുള്ള എല്ലാ സബ് രജിസ്റ്റർ ഓഫീസുകൾക്കും, എക്സൈസ് വകുപ്പിന് കീഴിലുള്ള സർക്കിൾ ഓഫീസുകൾ വരെയും, മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള മൃഗാശുപത്രികൾ വരെയും ആയുർവേദ വകുപ്പിന് കീഴിലുള്ള എല്ലാ ആയുർവേദ ആശുപത്രികൾ വരെയും മറ്റെല്ലാ വകുപ്പിന് കീഴിലുള്ള താലൂക്ക് തലം വരെയുള്ള നിലവിൽ വിതരണ കാർഡ് ഇല്ലാത്ത എല്ലാ ഓഫീസുകൾക്കും നേരിട്ട് സ്റ്റേഷനറി വിതരണം ചെയ്യും. സ്റ്റേഷനറി സാധനങ്ങൾ അനുവദിക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി ഓഫീസിന്റെ പൂർണ്ണമായ മേൽവിലാസം, ഓഫീസ് മേധാവിയുടെ ഉദ്യോഗ പേര്(ശമ്പള സ്കെയിൽ ഉൾപ്പെടെ) ജില്ലാ സ്റ്റേഷനറി ഓഫീസിലേക്ക് അയക്കണം. സ്റ്റേഷനറി വിതരണ പ്രക്രിയ ഇപ്പോൾ പൂർണ്ണമായും ഓൺലൈൻ മുഖാന്തിരമാണ് നടപ്പിലാക്കുന്നത്. ഓൺലൈൻ രജിസ്ട്രേഷനായി മൊബൈൽ നമ്പർ കൂടി രേഖപ്പെടുത്തണം.രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് e-mist keltron.in എന്ന വെബ്സൈറ്റ് മുഖേന ഓഫീസിന്റെ പൂർണ്ണ വിവരങ്ങൾ, കമ്പ്യൂട്ടർ, പ്രിന്റർ ഉൾപ്പെടെയുള്ള ഓഫീസ് മെഷിനുകളുടെ വിവരങ്ങൾ, തസ്തികയുടെ വിവരം, ഈ സാമ്പത്തിക വർഷത്തെ ഡിമാന്റ് ഫോർകാസ്റ്റ് എന്നിവ ഓൺലൈൻ മുഖേന രേഖപ്പെടുത്തി സമർപ്പിക്കണം. ഇതുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾക്ക് എല്ലാ പ്രവൃത്തി ദിവസങ്ങളിലും കാസർകോട് ജില്ലാ സ്റ്റേഷനറി ഓഫീസിനെ സമീപിക്കുക .ഫോൺ-9020454434.

## ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സർഗ വസന്തം ചിത്രരചനാ ക്യാമ്പ് ഇന്ന് സമാപിക്കും

സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ പടന്നക്കാട് കാർഷിക കോളേജിൽ നടക്കുന്ന സർഗ വസന്തം ചിത്രരചനാ ക്യാമ്പ് -2019 ഇന്ന് സമാപിക്കും. 14 ജില്ലകളിലും നിന്നും തിരഞ്ഞെടുക്കപ്പെട്ട 40 കുട്ടികളാണ് ത്രിദിന ചിത്രരചനാ ക്യാമ്പിൽ പങ്കെടുത്തത്. ക്യാമ്പിന്റെ രണ്ടാംദിനത്തിൽ പോസ്റ്റർ രചന എന്ന വിഷയത്തിൽ പ്രൊഫ. വി ജയചന്ദ്രനും സ്റ്റിൽ ലൈഫ്-പ്രായോഗിക പരിശീലനത്തിൽ ശ്യാമ ശശിയും ശില്പനിർമാണം എന്ന വിഷയത്തിൽ രവീന്ദ്രൻ തൃക്കരിപ്പൂരും, ഉണ്ണി കാനായിയും വിഷയാവതരണം നടത്തി. തുടർന്ന് ലിയ നാർഡോ ചലച്ചിത്രവും പ്രദർശിപ്പിച്ചു.

സമാപന ദിവസമായ ഇന്ന്(27) ജലച്ചായ രചന എന്ന വിഷയത്തിൽ പൊന്ന്യം ചന്ദ്രനും പെയ്ന്റിങ് പ്രായോഗിക പരിശീലനം എന്ന വിഷയത്തിൽ സചീന്ദ്രൻ കാറഡ്ക്കയും വിഷയാവതരണം നടത്തും. തുടർന്ന് ക്യാമ്പ് അവലോകനവും സർട്ടിഫിക്കറ്റ് വിതരണവും സമാപന പരിപാടിയും നടക്കും. മൂന്ന് ദിവസം നീണ്ടു നിന്ന ക്യാമ്പ് കാർഷിക കോളേജ് എൻഡമോളജി വിഭാഗം പ്രൊഫസർ കെ എം ശ്രീകുമാറാണ് ഉദ്ഘാടനം ചെയ്തത്.

## ഒന്നാം ക്ലാസ് പ്രവേശനം

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ കുണ്ടംകുഴി ബേഡഡുക്കയിൽ പ്രവർത്തിക്കുന്ന ആശ്രമം സ്കൂളിലെ (ഇംഗ്ലീഷ് മീഡിയം) ഒന്നാം ക്ലാസ് പ്രവേശനത്തിന് അപേക്ഷിക്കാം. രണ്ടും മൂന്നും ക്ലാസുകളിൽ ഒഴിവുള്ള സീറ്റുകളിലേക്കും പ്രവേശനം നൽകും . കൊറഗ,മലവേട്ടവ,മാവിലൻ,മാറാട്ടി സമുദായത്തിൽപ്പെട്ടവർക്ക് അപേക്ഷിക്കാം. കുടുംബ വാർഷിക വരുമാന പരിധി 1,00,000 രൂപയിൽ കൂടാൻ പാടില്ല. പ്രാക്തന ഗോത്രവർഗ്ഗക്കാർക്ക് വരുമാന പരിധി ബാധകമല്ല. അപേക്ഷകർക്ക് 5 വയസ്സ് പൂർത്തിയായിരിക്കണം. നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷയോടൊപ്പം ,ജാതി, വരുമാനം, വയസ്സ് എന്നിവ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റും അപേക്ഷ സമർപ്പിക്കുന്ന കുട്ടിയുടെ മാതാപിതാക്കൾ-രക്ഷാകർത്താക്കൾ എന്നിവർ കേന്ദ്ര-സംസ്ഥാന- പൊതുമേഖല ജീവനക്കാരല്ല എന്ന് സ്വയം സാക്ഷ്യപ്പെടുത്തിയ സത്യവാങ്ങ്മൂലവും സമർപ്പിക്കണം . അപേക്ഷ മെയ് 26-വരെ കാസർകോട് ട്രൈബൽ ഡവലപ്മെന്റ് ഓഫീസ്, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസുകളായ കാസർകോട്,എൻമകജെ,പനത്തടി,നീലേശ്വരം എന്നിവിടങ്ങളിലും സ്വീകരിക്കും. വിശദവിവരങ്ങൾക്ക് 04994-255466

## ജില്ലാ റിസോഴ്സ് അംഗങ്ങൾക്കുള്ള പരിശീലനം ആരംഭിച്ചു

പൊതുവിദ്യാഭ്യാസ വകുപ്പിന്റെയും സമഗ്രശിക്ഷാ കേരളത്തിന്റെയും ആഭിമുഖ്യത്തിൽ ജില്ലയിലെ പ്രൈമറി അധ്യാപകർക്കുള്ള അവധിക്കാല പരിശീലനത്തിനു മുന്നോടിയായി ജില്ലാ റിസോഴ്സ് ഗ്രൂപ്പ് അംഗങ്ങൾക്കുള്ള അഞ്ചു ദിവസത്തെ പരിശീലനം ആരംഭിച്ചു. മെയ് ഏഴ് മുതൽ പത്തു വരെയും 13 മുതൽ 16 വരെയും രണ്ടു സ്പെല്ലുകളിലായി വിവിധ ബാച്ചുകളിൽ ബി.ആർ.സി. കേന്ദ്രങ്ങളിൽ അധ്യാപക പരിശീലനം നടക്കും. ഈ പരിശീലനങ്ങൾക്കു നേതൃത്വം നൽകുന്നവർക്കാണ് ഇപ്പോൾ പരിശീലനം നൽകുന്നത്.

ജില്ലയിൽ എൽ.പി., യു.പി. വിഭാഗങ്ങളിലായി കാസർകോട് ഗവ.യു.പി.എസ്, കുമ്പള ജി.എസ്.ബി.എസ്, ഹൊസ്ദുർഗ്ഗ് ബി.ആർ.സി., ബേക്കൽ ബി.ആർ.സി. എന്നീ കേന്ദ്രങ്ങളിലാണ് ജില്ലാ റിസോഴ്സ് ഗ്രൂപ്പ് പരിശീലനങ്ങൾ നടക്കുന്നത്.പരിശീലനങ്ങളുടെ ഉദ്ഘാടനം കാസർകോട് ഗവ.യു.പി.എസിൽ വിദ്യാഭ്യാസ ഉപഡയറക്ടർ ഗിരീഷ് ചോലയിലും കുമ്പള ജി.എസ്.ബി.എസിൽ ഡയറ്റ് പ്രിൻസിപ്പാൾ പി. ഭാസ്കരനും ചെറുവത്തൂർ ബി.ആർ.സിയിൽ സമഗ്രശിക്ഷ ജില്ലാ പ്രോജക്ട് ഓഫീസർ പി.പി.വേണുഗോപാലനും ഹൊസ്ദുർഗ്ഗ് ബി.ആർ.സിയിൽ ജില്ലാ പ്രോഗ്രാം ഓഫീസർ എം.വി.ഗംഗാധരനും ബേക്കൽ ബി.ആർ.സിയിൽ ഡയറ്റ് സീനിയർ ലക്ചറർ ടി.ആർ.ജനാർദ്ദനനും നിർവ്വഹിച്ചു.

## കാർഷിക യന്ത്ര പരിരക്ഷണ യജ്ഞത്തിന് തുടക്കമായി

കാർഷിക യന്ത്രവത്ക്കരണ മിഷനും കൃഷി വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗവും ചേർന്ന് നടപ്പിലാക്കുന്ന കാർഷിക യന്ത്ര പരിരക്ഷണ യജ്ഞത്തിന് കാസർകോട് കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ തുടക്കമായി. കാർഷിക യന്ത്രങ്ങളുടെ അറ്റകുറ്റ പണികളും പ്രവൃത്തി പരിചയ പരിശീലനവുമാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ. ജില്ലയിലെ നാല് ആഗ്രോ സർവ്വീസ് സെന്ററിൽ നിന്നും ആറു കാർഷിക കർമ്മ സേനകളിൽ നിന്നും തിരഞ്ഞെടുത്ത രണ്ടു പേർ വീതം 20 പേർക്ക് 12 ദിവസത്തെ പരിശീലന പരിപാടിയാണ് സംഘടിപ്പിച്ചിരിക്കുന്നത്. കേടുപാടുകൾ സംഭവിച്ചതും ഉപയോഗ ശൂന്യമായി കിടന്നിരുന്നതുമായ കാർഷിക യന്ത്രങ്ങളുടെ അറ്റകുറ്റ പണികൾ നടത്തി എത്രയും വേഗത്തിൽ അവ പ്രവർത്തന സജ്ജമാക്കി കാർഷിക കർമ്മസേനകൾക്കും കാർഷിക സേവന കേന്ദ്രങ്ങൾക്കും കൈമാറുകയാണ് ഇതിലൂടെ ചെയ്യുന്നത്.

കേരള സംസ്ഥാന കാർഷിക യന്ത്രവത്ക്കരണ മിഷന്റെ കീഴിൽ പ്രവർത്തിക്കുന്ന കാർഷിക ഗവേഷണ കേന്ദ്രത്തിലെ ഡോ.യു.ജയകുമാരന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ഒരു പ്രോജക്ട് എഞ്ചിനീയർ, ഭക്ഷ്യ സുരക്ഷ സേനയിലെ രണ്ടു സീനിയർ മാസ്റ്റർ ട്രെയ്നർമാർ കാർഷിക യന്ത്രവത്ക്കരണ മിഷന്റെ നാലു കാർഷിക മെക്കാനിക്ക് ട്രെയിനർമാർ എന്നിവരടങ്ങുന്ന ഏഴ് അംഗ സംഘമാണ് ഈ പരിശിലന പരിപാടിക്ക് നേതൃത്വം നൽകുന്നത്. ഇതിന് പുറമേ കൃഷി എഞ്ചിനീയറിംഗ് വിഭാഗവും മുഴുവൻ സഹായവുമായി ഈ യജ്ഞത്തിനോടൊപ്പം ചേരുന്നുണ്ട്.

യന്ത്രവത്ക്കരണത്തിലൂടെ ചിലവു കുറഞ്ഞ രീതിയിൽ കർഷകർ മികച്ച വിളവ് ലഭിക്കുന്നതിനും സ്വകാര്യ ഏജൻസികളുടെ അമിതകൂലി ഈടാക്കുന്നതിനെ ഒരു പരിധി വരെ നിയന്ത്രിക്കാനും ഈ യജ്ഞം വഴിയൊരുക്കുമെന്ന് പ്രതീക്ഷിക്കാം. പരിപാടിയുടെ ഉദ്ഘാടനം കാസറഗോഡ് ആത്മ പ്രൊജക്ട് ഡയറക്ടർ സ്റ്റെല്ല ജേക്കബ് നിർവ്വഹിച്ചു. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇൻ ചാർജ്) ദാമോദരൻ.എ അധ്യക്ഷനായിരുന്നു. കാസർകാട് പ്രിൻസിപ്പൽ കൃഷി ഓഫീസർ ടെസമ്മ, ഡെപ്യൂട്ടി പ്രൊജകട് ഡയറക്ടർ സജീവ് കുമാർ എന്നിവർ ആശംസ അർപ്പിച്ചു. അസിസ്റ്റന്റ് എഞ്ചിനീയർ സുഹാസ്.ഇ.എൻ, പ്രോജക്ട് എഞ്ചിനീയർ ഷിബിന കെ.വി. എന്നിവർ ചടങ്ങിൽ സംസാരിച്ചു. ഡെപ്യൂട്ടി പ്രൊജക്ട് ഡയറക്ടർ ഡോ. സൂര്യനാരായണ ഭട്ട് നന്ദി പറഞ്ഞു.

പൂർണ്ണമായും യന്ത്രവത്കൃതമായ കൃഷി രീതികൾ അവലംബിക്കുക വഴി കർഷകരെ കൃഷിയിലേക്ക് തിരിച്ചുകൊണ്ടു വരിക എന്ന ഉദ്ദേശ്യ ലക്ഷ്യത്തോടെ നടക്കുന്ന കാർഷിക യന്ത്രപരിരക്ഷണ യജ്ഞം പരിശീലന പരിപാടി മേയ് എട്ടിന് മാപിക്കും.

**ഫോട്ടോ:- കാർഷികം:-**

കാസർകോട് കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ തുടക്കമായ കാർഷിക യന്ത്ര പരിരക്ഷണ യജ്ഞം കാസർകോട് ആത്മ പ്രൊജക്ട് ഡയറക്ടർ സ്റ്റെല്ല ജേക്കബ് ഉദ്ഘാടനം ചെയ്യുന്നു.

(അവസാനിച്ചു)